REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-11-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- IIT കളുടെയും IIM കളുടെയും മാതൃകയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജി മുംബൈയിൽ ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.
- സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിന് ഒൻപത് ദിവസം. പ്രചാരണം നിറഞ്ഞ ആവേശത്തിലേക്ക്.
- ഒളിമ്പിക്സ് മാതൃകയിൽ സംഘടിപ്പിക്കുന്ന സംസ്ഥാന സ്കൂൾ കായിക മേളയ്ക്ക് ഇന്ന് എറണാകുളത്ത് തുടക്കമാകും.
- ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സിന് തോൽവി.

## വാർത്തകൾ വിശദമായി

**IIT കളുടെയും IIM കളുടെയും മാതൃകയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജി മുംബൈയിൽ ആരംഭിക്കുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ടെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് കോഴിക്കോട്ട് പറഞ്ഞു. ജന്മഭൂമി ദിനപത്രത്തിന്റെ സുവർണ ജൂബിലി ആഘോഷം 'സ്വ' വിജ്ഞാനോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നേരത്തെ കോഴിക്കോട് റെയിൽവെസ്റ്റേഷൻ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അദ്ദേഹം അവലോകനം ചെയ്തു.**

**....(MINISTER VOICE).............**

**കോഴിക്കോട് റെയിൽവേ സ്റ്റേഷൻ വികസനത്തിന്റെ ഭാഗമായി I.T ഹബ്ബ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണെന്ന് അശ്വിനി**

വൈഷ്ണവ് പറഞ്ഞു. ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.................(വോയ്സ്)...............

കഴിഞ്ഞ പത്ത് വർഷത്തിനിടെ റെയിൽവേ വികസനത്തിൽ രാജ്യം അഭൂതപൂർവമായ പുരോഗതി കൈവരിച്ചതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഇക്കാലയളവിൽ 31,000 കിലോമീറ്റർ പുതിയ ട്രാക്കുകൾ നിർമിച്ചു

വന്ദേ ഭാരത് ട്രെയിനുകൾ, അമൃത് ഭാരത് ട്രെയിനുകൾ, നമോ ഭാരത് റാപ്പിഡ് റെയിൽ എന്നിവയിലൂടെ അടുത്ത അഞ്ച് വർഷത്തിനകം ട്രെയിൻയാത്രയിൽ വലിയമാറ്റങ്ങളുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. അമൃത് ഭാരത് പദ്ധതിയിൽ കേരളത്തിലെ 35 സ്റ്റേഷനുകൾ അതിവേഗം നവീകരിച്ചുവരികയാണ്.

മോദി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരളത്തിന്റെ റെയിൽവെ ബജറ്റ് വിഹിതം 3,000 കോടി രൂപയിലേറെയായി. ആവശ്യമായ രൂപരേഖ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചാൽ ശബരി റെയിൽ ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി. ഇതിന് 50 ശതമാനം ഫണ്ട് നൽകാമെന്ന് സംസ്ഥാനം പ്രതിബദ്ധത അറിയിച്ചെങ്കിലും പിന്നീട് പുതിയ നിബന്ധനകൾ മുന്നോട്ടു വെക്കുകയാണെന്ന് അശ്വിനി വൈഷ്ണവ് കുറ്റപ്പെടുത്തി.

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ, PT. ഉഷ MP, മുൻ കേന്ദ്ര സഹമന്ത്രി V. മുരളീധരൻ, തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

✪✪✪

സംസ്ഥാനത്തെ ഉപതിരഞ്ഞെടുപ്പിന് ഒൻപത് ദിവസം ശേഷിക്കെ പ്രചാരണം നിറഞ്ഞ ആവേശത്തിലേക്ക് നീങ്ങുകയാണ്. പ്രമുഖ മുന്നണികളുടെയും പാർട്ടികളുടെയും നേതാക്കൾ മണ്ഡലങ്ങളിൽ ആവേശം പകരാൻ എത്തിയിട്ടുണ്ട്. വരുംദിവസങ്ങളിൽ കൂടുതൽ ദേശീയ- സംസ്ഥാന നേതാക്കൾ മണ്ഡലങ്ങളിലെത്തും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

വയനാട് ലോക്സഭാ ഉപതെരഞ്ഞെടുപ്പിൽ UDF സ്ഥാനാർഥി പ്രിയങ്കാഗാന്ധി ഇന്ന് കേണിച്ചിറയിൽ നിന്ന് പര്യടനം ആരംഭിക്കും. പുൽപ്പള്ളി, മുള്ളൻകൊല്ലി, പാടിച്ചിറ, മുട്ടിൽ, വൈത്തിരി, മേപ്പാടി എന്നിവിടങ്ങളിലെ കോർണർ യോഗങ്ങളിൽ അവർ പങ്കെടുക്കും. വ്യാഴാഴ്ച വരെ പ്രിയങ്ക മണ്ഡലത്തിലുണ്ടാകും.

LDF സ്ഥാനാർത്ഥി സത്യൻ മൊകേരി ഇന്ന് നിലമ്പൂരിൽ പര്യടനം നടത്തും. മുഖ്യമന്ത്രി പിണറായി വിജയൻ പ്രചാരണത്തിന് മറ്റന്നാൾ കൽപ്പറ്റയിലെത്തും. തിരുവമ്പാടി, ഏറനാട് മണ്ഡലങ്ങളിലെ പ്രചാരണങ്ങളിൽ അദ്ദേഹം പങ്കെടുക്കും.

NDA യിലെ നവ്യ ഹരിദാസിന്റെ പ്രചാരണത്തിനെത്തുന്ന കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, രാവിലെ പനമരം തലക്കൽ സ്മൃതി മണ്ഡപത്തിൽ നിന്നാരംഭിക്കുന്ന പര്യടനം ഉദ്ഘാടനം ചെയ്യും. മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖറും പ്രചാരണത്തിന് ഇന്ന് വയനാട്ടിലെത്തും. BJP ദേശീയ സെക്രട്ടറി അനിൽ ആന്റണിയും ഇന്ന് മണ്ഡലത്തിൽ പ്രചാരണത്തിനെത്തും.

പാലക്കാട്ട് UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് പാലക്കാട് വെസ്റ്റ് മണ്ഡലത്തിൽ പ്രചാരണം നടത്തും. കണ്ണന്നൂർ, പല്ലൻചാത്തനൂർ എന്നിവിടങ്ങളിലെ പൊതുയോഗങ്ങളിൽ കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല അടക്കം നേതാക്കൾ പങ്കെടുക്കും.

LDF സ്ഥാനാർഥി ഡോ P. സരിൻ പിരായിരി പഞ്ചായത്തിലും NDA സ്ഥാനാർഥി C. കൃഷ്ണകുമാർ കണ്ണാടി പഞ്ചായത്തിലും വോട്ട് തേടും. NDA പ്രചാരണത്തിൽ BJP നേതാക്കളായ കുമ്മനം രാജശേഖരൻ, ഡോ. KS രാധാകൃഷ്ണൻ, പത്മജ വേണുഗോപാൽ തുടങ്ങിയവർ സംബന്ധിക്കും.

✪✪✪

ചേലക്കര മണ്ഡലത്തിലും തെരഞ്ഞെടുപ്പു അങ്കം മുറുകിക്കഴിഞ്ഞു. സ്ഥാനാർത്ഥികൾ ജനങ്ങളെ നേരിട്ടു കണ്ട് വോട്ടു തേടുന്ന തിരക്കിലാണ്.

തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപിന്റെ റിപ്പോർട്ട്.

...............(വോയ്സ്)..............

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഝാർഖണ്ഡിൽ NDA യുടെ രണ്ട് റാലികളെ അഭിസംബോധന ചെയ്യും. രാവിലെ ഗഡ്-വയിലും ഉച്ചകഴിഞ്ഞ് ചായ്ബാസയിലുമാണ് പ്രധാനമന്ത്രി പൊതുയോഗത്തിൽ പങ്കെടുക്കുന്നതെന്ന് ജാർഖണ്ഡ് BJP പ്രസിഡണ്ടും മുൻ മുഖ്യമന്ത്രിയുമായ ബാബുലാൽ മറാണ്ടി അറിയിച്ചു.

ഈ മാസം 13, 20 തീയതികളിൽ രണ്ട് ഘട്ടങ്ങളിലാണ് ജാർഖണ്ഡ് വോട്ടെടുപ്പ് .

✪✪✪

ഇന്റർനാഷണൽ സോളാർ അലയൻസ് അസംബ്ലിയുടെ ഏഴാം സമ്മേളനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് ആരംഭിക്കും. സൗരോർജ്ജം സ്വീകരിക്കുന്നതിനും സോളാർ വിന്യാസം ത്വരിതപ്പെടുത്തുന്നതിന് ധനസമാഹരണത്തിനും അംഗരാജ്യങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ISA അസംബ്ലി ചേരുന്നത്.

✪✪✪

ഒളിമ്പിക്സ് മാതൃകയിൽ സംഘടിപ്പിക്കുന്ന സംസ്ഥാന സ്കൂൾ കായിക മേളയ്ക്ക് ഇന്ന് എറണാകുളത്ത് തിരിതെളിയും. മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ വൈകിട്ട് മന്ത്രി V ശിവൻകുട്ടി മേള ഉദ്ഘാടനം ചെയ്യും. മന്ത്രിയും ഒളിമ്പ്യൻ P.R ശ്രീജേഷും ചേർന്ന് ദീപശിഖ തെളിയിക്കുന്നതോടെ ഏഴു ദിവസത്തെ കായിക മാമാങ്കത്തിന് തുടക്കമാകും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊച്ചി ലേഖകൻ R.രാജ്മോഹൻ.

.....(വോയ്സ്)............

✪✪✪

മുംബൈയിൽ ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സിന് തോൽവി. നിലവിൽ ചാമ്പ്യൻമാരായ മുംബൈ സിറ്റി FC രണ്ടിനെതിരെ നാല് ഗോളിനാണ് ബ്ലാസ്റ്റേഴ്സിനെ പരാജയപ്പെടുത്തിയത്.

മറ്റൊരു മത്സരത്തിൽ അസമിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഒഡീഷ FC യെ രണ്ടിനെതിരെ മൂന്ന് ഗോളിന് തോൽപ്പിച്ചു.

ഇന്ന് ജംഷഡ്പൂർ FC, ചെന്നൈയിൽ FC യെ നേരിടും. ജംഷഡ്പൂരിൽ വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

പതിനാലാമത് ഹോക്കി ഇന്ത്യ സീനിയർ പുരുഷ ദേശീയ ചാമ്പ്യൻഷിപ്പിന് ഇന്ന് തുടക്കമാകും. ചെന്നൈ മേയർ രാധാകൃഷ്ണൻ ഹോക്കി സ്റ്റേഡിയത്തിൽ ആദ്യദിവസത്തെ മത്സരങ്ങളിൽ കേരളവും, ഉത്തർപ്രദേശും ഏറ്റുമുട്ടും. മറ്റൊരു മത്സരം കർണാടകയും, ഉത്തരാഖണ്ഡും തമ്മിലാണ്. നവംബർ 16 നാണ് ഫൈനൽ.

✪✪✪

ഷൊർണൂരിൽ ട്രെയിൻ തട്ടി കാണാതായ ശുചീകരണ തൊഴിലാളി സേലം സ്വദേശി ലക്ഷ്മണന്റെ മൃതദേഹം കണ്ടെത്തി. സ്കൂബാ ടീം ഭാരതപ്പുഴയിൽ നടത്തിയ തെരച്ചിലിലാണ് ശരീരം കണ്ടെടുത്തത്. ഭാരതപ്പുഴ പാലത്തിൽ ഉണ്ടായിരുന്ന നാല് തൊഴിലാളികൾ കേരള എക്സ്പ്രസ് തട്ടിയാണ് മരിച്ചത്.

മരിച്ച തമിഴ്നാട് ശുചീകരണ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മൂന്ന് ലക്ഷം രൂപ വീതം ആശ്വാസധനം നൽകാൻ തമിഴ്നാട് മുഖ്യമന്ത്രി MK സ്റ്റാലിൻ ഉത്തരവിട്ടു. സംഭവത്തിൽ മുഖ്യമന്ത്രി അനുശോചനവും അറിയിച്ചു.

ശുചീകരണ തൊഴിലാളികൾ ട്രെയിൻ തട്ടി മരിച്ച സംഭവത്തിൽ വിശദാന്വേഷണം വേണമെന്ന് റെയിൽവെയുടെ ചുമതല വഹിക്കുന്ന മന്ത്രി V. അബ്ദുറഹിമാൻ ആവശ്യപ്പെട്ടു. തൊഴിലാളികളുടെ കുടുംബങ്ങൾക്ക് റെയിൽവെ ന്യായമായ നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് റെയിൽവെ മന്ത്രിക്ക് അദ്ദേഹം കത്തയച്ചു.

✪✪✪

നീലേശ്വരം അഞ്ഞൂറ്റമ്പലം ക്ഷേത്രത്തിലെ കളിയാട്ടത്തിനിടെയുണ്ടായ വെടിക്കെട്ട് അപകടത്തിൽ മരണം നാലായി. ശനിയാഴ്ച മരിച്ച സന്ദീപിനു പുറമെ, കാസർഗോഡ് കരിന്തളം കൊല്ലംപാറ മഞ്ഞളംകാട്ടെ ബിജു, ചെറുവത്തൂർ സ്വദേശി ഷിബിൻരാജ്, കിണാവൂർ സ്വദേശി രതീഷ് എന്നിവരാണ് മരണമടഞ്ഞത്.

✪✪✪

യുവജനങ്ങൾ ഇടുക്കിയിൽ നിന്ന് ഒളിച്ചോടുകയല്ല, പോരാടുകയാണ് വേണ്ടതെന്ന് സിറോ മലബാർ യൂത്ത് കമ്മീഷൻ ചെയർമാൻ മാർ

ജോസഫ് പണ്ടാരശ്ശേരിൽ ആഹ്വാനം ചെയ്തു. ഇടുക്കി സാധ്യതകളുടെ നാടാണെന്നും, മനുഷ്യന് പറ്റാത്ത സ്ഥലമാണ് എന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്നും അദ്ദേഹം പറഞ്ഞു. കാൽവരി മൗണ്ടിൽ സിറോ മലബാർ യൂത്ത് മൂവ്മെന്റ് സംസ്ഥാന പ്രവർത്തക വർഷവും, യുവ നസ്രാണി സംഗമവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ അനുഗ്രഹപ്രഭാഷണം നടത്തി.

✪✪✪

കണ്ണൂർ ആറളം ഫാമിലെ കൃഷിക്ക് ഉപയോഗപ്പെടുത്താൻ സാധിക്കാതിരുന്ന ഭൂമിയിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നാണ്യവിള കൃഷി നടപ്പാക്കി വരികയാണെന്ന് മാനേജിംഗ് ഡയറക്ടർ കാർത്തിക് പാണിഗ്രഹി അറിയിച്ചു. ഇതൊരു കാർഷിക സംരംഭ സഹകരണ പദ്ധതിയാണെന്നും അദ്ദേഹം പറഞ്ഞു. ഇതുവഴി ഫാമിന് വരുമാനവും ആദിവാസി തൊഴിലാളികൾക്ക് തൊഴിലും ഉറപ്പാകുമെന്ന് MD അറിയിച്ചു.

✪✪✪

തിരുവനന്തപുരം നഗരത്തിലെ ജലവിതരണം ഇന്നലെ രാത്രിയോടെ പുനഃസ്ഥാപിച്ചു. വഴുതക്കാട് ഭാഗത്തെ ജോലികൾ പൂർത്തിയായതോടെ സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട എല്ലാ ഇന്റർ കണക്ഷൻ ജോലികളും പൂർത്തീകരിച്ചതായി വാട്ടർ അതോറിറ്റി അറിയിച്ചു.

✪✪✪

സംസ്ഥാന യുവജനക്ഷേമ ബോർഡ് കണ്ണൂർ E.K നായനാർ അക്കാദമിയിൽ സംഘടിപ്പിച്ചു വരുന്ന 'വിത്ത്' ഉത്തരമേഖലാ യുവസാഹിത്യക്യാമ്പ് ഇന്ന് സമാപിക്കും. ഉച്ചയ്ക്ക് സമാപന സമ്മേളനം ഡോ. K.P മോഹനൻ ഉദ്ഘാടനം ചെയ്യും.

✪✪✪